കോളേജ് വിദ്യഭ്യാസ ഡയറക്ടറേറ്റ് ,

വികാസ് ഭവൻ , തിരുവനന്തപുരം

തീയതി 12-07-2024

**വിജ്ഞാപനം**

വിഷയം- കോ.വി.വ- തിരുവനന്തപുരം- സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്-2024-25- അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളത് സംബന്ധിച്ച്-

**********

കേന്ദ്ര മാനവശേഷിമന്ത്രാലയം കോളേജ്/ സർവകലാശാല വിദ്യാർഥികൾക്ക് അനുവദിക്കുന്ന 2024-2025 അദ്ധ്യയനവർഷത്തിലെ സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് ( FRESH/RENEWAL) അപേക്ഷകൾ ഓൺലൈൻ ആയി ക്ഷണിച്ചിട്ടുണ്ട്. അപേക്ഷകർക്കു നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ ആയ **https://scholarships.gov.in** എന്ന വെബ്സൈറ്റ് വഴി പുതിയ സ്കോളർഷിപ്പിനും നിലവിലുള്ള സ്കോളർഷിപ്പ് പുതുക്കുന്നതിനും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

അവസാന തീയതി 31/10/2024.

**സെൻട്രൽ സെക്ടർ സ്കോളർഷിപ്പ്- 2024-25-**

**പുതിയ അപേക്ഷകർക്കുള്ള മാനദണ്ഡം.**

1. അപേക്ഷകർ 18 നും 25 നും മദ്ധ്യേ പ്രായമുള്ളവരും കേരളാ സംസ്ഥാന ഹയർസെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറിബോർഡുകൾ നടത്തിയ 2024 വർഷത്തെ പന്ത്രണ്ടാം തരം പരീക്ഷയിൽ 80 പെർസെൻടൈൽ (80 PERCENTILE) കൂടുതൽ മാർക്ക് വാങ്ങി വിജയിച്ചവരും ഏതെങ്കിലും റെഗുലർ ബിരുദ കോഴ്സിനു ഒന്നാംവർഷം ചേർന്നവരും ആയിരിക്കണം. Correspondence കോഴ്സ്/ വിദൂര വിദ്യാഭ്യാസം/ ഡിപ്ലോമ കോഴ്സ് ഇവയിൽ ചേർന്നവർക്കു ഈ സ്കോളർഷിപ്പിനു അപേക്ഷിക്കുവാൻ സാധിക്കുകയില്ല.

2. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം ആകെ 4.5 ലക്ഷം രൂപ കവിയരുത്. അപേക്ഷകർ ഓൺലൈൻ ആയി അപേക്ഷിച്ച അപേക്ഷയുടെ പ്രിന്റൗട്ട്, വരുമാന സർട്ടിഫിക്കറ്റ് , യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, സ്ഥാപനമേധാവിയിൽ നിന്നുള്ള പ്രവേശന റിപ്പോർട്ട് എന്നിവ സഹിതം സ്ഥാപനമേധാവി മുൻപാകെ സമർപ്പിക്കേണ്ടതാണ്.

3..മറ്റേതെങ്കിലും സ്കോളർഷിപ്പുകൾ ലഭിക്കുന്നവർ ഈ സ്കോളർഷിപ്പിനു അർഹരല്ല.

4. ആകെ സ്കോളർഷിപ്പിന്റെ 50% പെൺകുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. 15% സ്കോളർഷിപ്പുകൾ എസ്.സി.വിഭാഗത്തിനും 7.5% സ്കോളർഷിപ്പുകൾ എസ്.ടി. വിഭാഗത്തിനും 27% സ്കോളർഷിപ്പുകൾ ഒ.ബി.സി.വിഭാഗത്തിനും ഓരോ വിഭാഗത്തിലും 5% ഭിന്നശേഷി വിഭാഗത്തിനും നീക്കി വച്ചിരിക്കുന്നു.

5. ബിരുദതലം മുതൽ (പ്രൊഫഷനൽ കോഴ്സ് ഉൾപ്പടെ) പരമാവധി 5 വർഷത്തേക്കാണ് ഈ സ്കോളർഷിപ്പ് അനുവദിക്കുന്നത്. ബിരുദ തലത്തിൽ ഒരുവർഷം 12,000/- രൂപയും, ബിരുദാനന്തര ബിരുദ തലത്തിൽ ഒരു വർഷം 20,000/- രൂപായും ആണ് സ്കോളർഷിപ്പ് തുക.

6. സ്കോളർഷിപ്പിന് അപേക്ഷിച്ച് മെരിറ്റിൽ ഉൾപ്പെട്ട വിദ്യാർഥികൾ തുടർവർഷങ്ങളിൽ സ്കോളർഷിപ്പ് തുക ലഭിക്കുന്നതിനായി ഓരോ വർഷങ്ങളിലും സ്കോളർഷിപ്പ് പുതുക്കേണ്ടതാണ്.

**<u>സെൻട്രൽ സെക്ടർ സ്കോളർഷിപ്പ് പുതുക്കുന്നതിനുള്ള മാനദണ്ഡം</u>**

1. പുതുക്കുന്നതിനായി വാർഷിക പരീക്ഷയിൽ 50% മാർക്ക് ലഭിച്ചിരിക്കണം.
2. 75% ഹാജർ ഉണ്ടായിരിക്കണം.
3. സ്കോളർഷിപ്പ് പുതുക്കുന്നതിനായി വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതില്ല.
4. അപേക്ഷ പുതുക്കുന്നതിന് വിട്ടു പോയാലും പിന്നീടുള്ള വർഷങ്ങളിൽ, പുതുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുസരിച്ചു പുതുക്കാവുന്നതാണ്.

**<u>സ്കോളർഷിപ്പ് സംബന്ധിച്ച പൊതുവായ വ്യവസ്ഥകൾ.</u>**

1. അപേക്ഷകർക്ക് നാഷണലൈസ്ഡ് / ഷെഡ്യൂൾഡ് കൊമേർഷ്യൽ ബാങ്കുകളിൽ ഏതെങ്കിലും ഒന്നിൽ സ്വന്തം പേരിൽ സാധുവായ ആധാർ ലിങ്ക് ചെയ്തിട്ടുള്ള സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം.
2. സ്കോളർഷിപ്പിന് അർഹരാകുന്ന വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുക അവരുടെ ബാങ്ക് അക്കൗണ്ടിലേക്കു നേരിട്ട് ക്രെഡിറ്റ് ചെയ്യുന്നതാണ്.
3. വിദ്യാർഥികൾ ഓൺലൈൻ ആയി അപേക്ഷിച്ച ശേഷമുള്ള അപേക്ഷ ഫോമിന്റെ പ്രിന്റൌട്ട്, അനുബന്ധ രേഖകളുടെ പകർപ്പുകൾ എന്നിവ സ്ഥാപന മേധാവി മുൻപാകെ സമർപ്പിക്കേണ്ടതും Institute Nodal Officer ഓൺലൈൻ അപേക്ഷകളും രേഖകളും പരിശോധിച്ച് വെരിഫിക്കേഷൻ നടപടികൾ സമയക്രമമനുസരിച്ചു പൂർത്തിയാക്കേണ്ടതുമാണ്.

വിശദമായ വിവരങ്ങൾക്ക് നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ സന്ദർശിക്കുക (https://scholarships.gov.in).

Signed by
Sudheer M S
സുധീർ.എം.എസ്.
Date: 12-07-2024 18:00:32

സ്പെഷ്യൽഓഫീസർ ഫോർ സ്കോളർഷിപ്പ്(Incharge)
ഫോൺ നമ്പർ- 9447096580